LIBRARY ARCHIVES Kerala Legislative Assembly

(3) മരം വീണ് രണ്ട് സ്കൂൾ കുട്ടികൾ മരിച്ച സംഭവം

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, എന്റെ നിയോജകമണ്ഡലമായ ബാലുശ്ശേരിയിലെ പനങ്ങാട് എൽ. യു. പി. സ്കൂളിന്റെ മുറ്റത്തുണ്ടായിരുന്ന ഒരു മാവ് കടപുഴകി സ്കൂൾ ഷെഡ്ഡിനുമുകളിൽ വീഴുകയും രണ്ടു മണിക്ക് ഉച്ചഭക്ഷണത്തിനുശേഷം അടുത്ത പീരിയഡിനുവേണ്ടി ക്ലാസ്സിൽ ഇരിക്കുകയായിരുന്ന രണ്ടു കുട്ടികൾ ഉടൻ മരണപ്പെടുകയും 2 അദ്ധ്യാപികമാരേയും 18 കുട്ടികളേയും ഗുരുതരമായ പരിക്കുകളോടെ വിവിധ ആശുപത്രികളിൽ പ്രവേശിപ്പിച്ചിട്ടുള്ളതുമാണ്. ഇത് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും, വിദ്യാഭ്യാസമന്ത്രിയും ഈ സ്ഥലം സന്ദർശിച്ചിട്ടുള്ളതും അവരുടെ ദയനീയമായ സ്ഥിതികൾ കണ്ടിട്ടുള്ളതുമാണ്. നമ്മുടെ വിദ്യാലയങ്ങളെ സംബന്ധിച്ചിടത്തോളം സുരക്ഷാ പ്രവർത്തനങ്ങൾക്ക് വളരെ പ്രത്യേകത വയ്ക്കേണ്ട സ്ഥിതി വന്നിരിക്കുന്നു. ഓല ഷെഡുമായി ബന്ധപ്പെട്ട് അപകടം ഉണ്ടായപ്പോൾ അവ മാറ്റി പുതിയ കെട്ടിടമുണ്ടാക്കാനുള്ള ധാരണയിലാണ് ഇവിടെ കഴിഞ്ഞ വർഷം പുതിയ ആസ്ബസ്റ്റോസ് ഷെഡ് ഉണ്ടാക്കിയത്. എന്നാൽ ആസ്ബസ്റ്റോസ് ഷെഡിന് വേണ്ടി ഉപയോഗിച്ചിരിക്കുന്നത് കമുകിന്റെയും, തെങ്ങിന്റെയും മരങ്ങളായിരുന്നു. ഈ അപകടം ഉണ്ടായപ്പോൾ ഇത്രയും ഗുരുതരമായത് ആ കെട്ടിടത്തിന്റെ ബലക്കുറവുകൊണ്ടായിരുന്നു എന്നു പറയപ്പെടുന്നു. ഇത് സംബന്ധിച്ച് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് കൊടുത്തിട്ടുള്ള എൻജിനീയറും, ഡിപ്പാർട്ടുമെന്റും ഈ കാര്യത്തിൽ ജാഗ്രത കാണിച്ചിരുന്നോ? അവരുടെ തകരാറുകൊണ്ടാണോയെന്ന് പരിശോധിക്കണം. നമ്മുടെ പല വിദ്യാലയങ്ങളുടെയും പരിസരങ്ങളിൽ മരങ്ങളുണ്ട്. ഈ മരങ്ങൾ വെട്ടിമുറിക്കാൻ അടിയന്തിര ഉത്തരവ് കൊടുത്തില്ലെങ്കിൽ കാലവർഷക്കെടുതിയൊക്കെ ഇങ്ങനെ വരുമ്പോൾ സ്വാഭാവികമായും അത്യാഹിതം ഉണ്ടാകും. അത്യാഹിതങ്ങൾ ഉണ്ടാകുമ്പോൾ നമ്മളെല്ലാം ഓടിയെത്തി വിലാപങ്ങളിൽ പങ്കു ചേരാറുണ്ട്. പക്ഷേ തുടർനടപടികൾ പലപ്പോഴും ഉണ്ടാകാറില്ല. ഇവിടെ മരണപ്പെട്ട 2 കുട്ടികൾ, നെരാടിമലയിൽ ദാമോദരന്റെ മകൾ ദീപ്തിയും കെട്ടിൽ ശശിയുടെ മകൻ അഖിലും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ്. ഗവൺമെന്റ് 25,000 രൂപ ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്. സാധാരണ ഗതിയിൽ പ്രകൃതിക്ഷോഭം ഉണ്ടാകുമ്പോൾ 50,000 രൂപ വരെ ഗവൺമെന്റ് കൊടുക്കുന്ന സ്ഥിതിയുണ്ട്. ഈ കുട്ടികളുടെ ദുഃഖത്തിൽ രക്ഷകർത്താക്കൾ വേവലാതിപ്പെടുന്നു എന്നു മാത്രമല്ല അവരുടെ ഭാവിയുടെ പ്രതീക്ഷയാണ് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് അവർക്കുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിക്കേണ്ടതാണ്. ചികിൽസാ സൗകര്യങ്ങളുണ്ടാക്കാനും, കെട്ടിടങ്ങളുടെ ഉറപ്പ് ഭദ്രമാക്കാനും ഉള്ള നടപടികൾ സ്വീകരിക്കണം. ഈ കാര്യത്തിൽ ഗവൺമെന്റിന്റെ അടിയന്തിര ശ്രദ്ധ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*: സർ, വളരെ നിർഭാഗ്യകരമായ സംഭവമാണ് ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. എ. സി. ഷൺമുഖദാസ് ഇവിടെ അവതരിപ്പിച്ചത്. സ്കൂൾ കോമ്പൗണ്ടിൽ നിന്ന മാവ് മറിഞ്ഞുവീണ് 2 കുട്ടികൾ മരിക്കുകയും 2 അദ്ധ്യാപികമാർക്കും 24 വിദ്യാർത്ഥികൾക്കും പരിക്ക് പറ്റുകയും ചെയ്തു. അവിടെ ഞാനും വിദ്യാഭ്യാസവകുപ്പുമന്ത്രിയും പോയിരുന്നു. ശ്രീ. എ. സി. ഷൺമുഖദാസും ഉണ്ടായിരുന്നു. അവിടെ വളരെ നിർഭാഗ്യകരവും, വേദനാജനകവുമായ ഒരു സംഭവമാണ് ഉണ്ടായത്. ഗവൺമെന്റിൽ നിന്ന് 25,000 രൂപ വീതവും സ്കൂൾ ഇൻഷ്വറൻസ് പദ്ധതിയനുസരിച്ച് 10,000 രൂപയും അനുവദിച്ചിട്ടുണ്ട്. അത് പോരായെന്ന് പറഞ്ഞ ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം ഞാൻ തള്ളിക്കളയുന്നില്ല. കൂടുതൽ സാമ്പത്തിക ആശ്വാസം കൊടുക്കാൻ സാധിക്കുമോയെന്നുള്ള കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്. പ്രസ്തുത സ്ഥലം സന്ദർശിച്ചപ്പോൾ മുപയേക്കാൾ മറ്റ് ചില കാര്യങ്ങളാണ് അവിടെയുള്ള ജനപ്രതിനിധികളും, നാട്ടുകാരും ഉന്നയിച്ചിരിക്കുന്നത്. അക്കാര്യം പരിശോധിക്കുന്നതാണ് എന്ന് പറയാനാഗ്രഹിക്കുകയാണ്. ഈ സംഭവം, നമ്മുടെ മുന്നാറിലെ സംഭവം പറഞ്ഞതുപോലെ നമ്മൾ കൂടുതൽ അലേർട്ട് ചെയ്യേണ്ട 2 കാര്യങ്ങളുണ്ട്. ഒന്ന് സ്കൂൾ കെട്ടിടത്തിന്റെ സേഫ്ടി, കുറെക്കൂടി കരുതലോടെ നോക്കേണ്ടതാണ്. സ്കൂളിന് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് എങ്ങനെ കൊടുക്കാൻ ഇടയായി? ഈ അപകടം ഉണ്ടായത് മരം വീണിട്ടാണ് അതിന് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റുമായി യാതൊരു ബന്ധവുമില്ല. പക്ഷേ അവിടെ പോയി കണ്ടാൽ വൊക്കി നിൽക്കുന്ന കെട്ടിടങ്ങൾ കണ്ടാൽ ഇതുപോലെങ്ങനെ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് കൊടുക്കുമെന്ന് തോന്നിപ്പോകും. അതുകൊണ്ട് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് എങ്ങനെ കൊടുത്തുയെന്നുള്ളതിനെ സംബന്ധിച്ച് ഗവൺമെന്റ് പരിശോധിക്കും. ഈ പ്രശ്നത്തിൽ നിന്ന് ഉയരുന്ന രണ്ട് പ്രശ്നങ്ങളിൽ ഒന്ന് സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കണം. രണ്ട്, സ്കൂൾ കോമ്പൗണ്ടിന് അകത്ത് നിൽക്കുന്ന മരങ്ങൾ, ഞങ്ങൾ അവിടെ ചെന്നപ്പോൾ തന്നെ മൂന്ന് നാല് സ്കൂളുകളിലെ രക്ഷിതാക്കളുടെ സംഘടനകളിലെ ആൾക്കാർ വന്നിട്ട് അവരുടെ സ്കൂളുകളിൽ അപകടകരമായ സാഹചര്യങ്ങളിൽ നിൽക്കുന്ന മരങ്ങളെക്കുറിച്ചുള്ള പരാതി പറഞ്ഞു. ഇപ്പോൾ പല നടപടിക്രമങ്ങളാണ്. എന്തായെങ്കിലും ശരി മരങ്ങളേക്കാൾ മനുഷ്യജീവന് വില കൊടുത്തേ മതിയാകൂ. അതുകൊണ്ട് ഏതെങ്കിലും വിധത്തിൽ അപകടഭീതി ഉണ്ടെങ്കിൽ ആ മരം വെട്ടിക്കളയണം. വെട്ടിക്കളയും. ചുവപ്പുനാടയിൽ കുരുങ്ങി കാലതാമസം വരുന്ന സാഹചര്യം ഒഴിവാക്കും. ഉടനെ തന്നെ ഞാനും, വിദ്യാഭ്യാസവകുപ്പുമന്ത്രിയും, റവന്യൂ വകുപ്പുമന്ത്രിയും, പി.ഡബ്ല്യൂ.ഡി. വകുപ്പുമന്ത്രിയും ഞങ്ങൾ ഒരുമിച്ച്.....(ബഹളം).....ഫോറസ്റ്റിന്റെ മരങ്ങളല്ല ഇതിനകത്ത് നിൽക്കുന്നത്. .....(ബഹളം).....സ്കൂൾ കോമ്പൗണ്ടിലുള്ള മരങ്ങൾ വെട്ടുന്നതിനുള്ള എല്ലാ നടപടിക്രമങ്ങളും സസ്പെന്റ് ചെയ്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

..... (ബഹളം) .....കാരണം നമുക്ക് മറ്റ് എന്തിനേക്കാളും വലുത് നമ്മുടെ കുഞ്ഞുങ്ങളുടെ ജീവനാണ്. അതുകൊണ്ട് അത് ചുവപ്പുനാടയോ, മറ്റ് നടപടിക്രമങ്ങളോ ഒരു വിധത്തിലും ഇതിന് തടസ്സമാകില്ല. ഇതിന് അടിയന്തിരമായി തീരുമാനമെടുക്കുന്നതാണ്.

മി. ചെയർമാൻ: ..... (ബഹളം) .....ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ തന്നെ ഫ്ളഡുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഒന്ന് സൂചിപ്പിക്കാൻ അവസരം തരണമെന്ന് എഴുതിതന്ന സാഹചര്യത്തിൽ അത് ഒന്നിച്ചു വിളിച്ചതിനുശേഷം മറ്റുള്ളത് വിളിക്കും. .....(ബഹളം).....

(4) മുവാറ്റുപുഴ പ്രദേശത്ത് കഴിഞ്ഞദിവസങ്ങളിലുണ്ടായ പേമാരിയിലും ഉരുൾപൊട്ടലിലും നാശനഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകൽ

ശ്രീ. ജോണി നെല്ലൂർ: സർ, കഴിഞ്ഞ ദിവസങ്ങളിലുണ്ടായ പേമാരിയും ഉരുൾപൊട്ടലുംമൂലം മൂവാറ്റുപുഴ താലൂക്കിന്റെ പല പ്രദേശങ്ങളും വെള്ളത്തിനടിയിലാണ്. മൂവാറ്റുപുഴ മുനിസിപ്പൽ പ്രദേശത്ത് മാത്രം 425 വീടുകളും, തൊട്ടടുത്ത് പായിപ്ര പഞ്ചായത്തിൽ 120 വീടുകളും വെള്ളത്തിനടിയിലാണ്. മറ്റ് പല പഞ്ചായത്തുകളിലും കോതമംഗലം നിയോജകമണ്ഡലത്തിലെ ആയവന പഞ്ചായത്തിലും പിറവം നിയോജകമണ്ഡലത്തിലെ പിറവം പഞ്ചായത്തിലും ഉൾപ്പെടെ നിരവധി വീടുകൾ വെള്ളത്തിനടിയിലാണ്. ഇന്നലെ അവിടെയെല്ലാം പോകുകയുണ്ടായി. മൂന്നു-നാലു സ്ഥലങ്ങളിൽ ക്യാമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. അവിടെ ആളുകളെയെല്ലാം മാറ്റി പാർപ്പിച്ചിട്ടുണ്ട്. ചില വീടുകൾ പൂർണ്ണമായും മറ്റുചിലത് ഭാഗികമായും തകർന്നുപോയിട്ടുണ്ട്. അവിടെ സൗജന്യറേഷൻ കൊടുക്കുന്നതിനും, അടിയന്തിരമായി ആവശ്യമായ മറ്റ് എല്ലാ സഹായങ്ങളെത്തിക്കുന്നതിനും കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം കൊടുക്കുന്നതിനും തയ്യാറാകണം എന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഇതോടൊപ്പം ഒരു കാര്യം കൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഉണ്ട്. പൂർണ്ണമായി വീടു തകർന്നവർക്ക് 30,000 രൂപ അനുവദിക്കുമെന്ന് റവന്യൂ വകുപ്പുമന്ത്രി നിയമസഭയിൽ പറഞ്ഞിരുന്നു. ഇന്നും അത് നടപ്പിലാക്കിയിട്ടില്ല. ഇപ്പോൾ പഴയ ഉത്തരവിന്റെയടിസ്ഥാനത്തിൽ 15,000 രൂപ മാത്രമെ കൊടുക്കാൻ കഴിയൂ എന്ന നിലപാട് ആണ് റവന്യൂ അധികൃതർ സ്വീകരിച്ചിരിക്കുന്നത്. അത് 30,000 രൂപ എന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചത് നടപ്പിലാക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശം നൽകണം എന്ന് അഭ്യർത്ഥിക്കുന്നു.

GPM. 2/587/2012.—24

LIBRARY ARCHIVES Kerala Legislative Assembly